# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം** 03/10/2016-ന് മറുപടിക്ക്
**നമ്പർ. *175**

## വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ

**ചോദ്യം**
ശ്രീ. എ.പ്രദീപ്കുമാർ
ശ്രീ.ആർ.രാജേഷ്
ശ്രീ.എം.രാജഗോപാലൻ
ശ്രീ.എം.നൗഷാദ്

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ ; | (എ) | ആവശ്യപ്പെട്ടിരുന്നു. പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടെങ്കിൽ, നിലവിലുള്ള എല്ലാ ഒഴിവുകളും 3.6.2016-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 27.05.2016-ലെ ഉപ.സി.3/38/16/ഉഭപവ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതു കൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബർ ഒന്നോടുകൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ 17.08.2016-ലെ ഉപ.സി3/104/16/ഉഭപവ സർക്കുലർ മുഖേന സർക്കാർ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കാലാവധി തീരാറായ പി.എസ്.സി. ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (ബി) | റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേക്കും പി.എസ്.സി. നിയമന നിർദ്ദേശം നൽകി വരുന്നുണ്ട്.ഇതു കൂടാതെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം എന്ന ഉദ്ദേശ്യത്തോടെ ചില വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള പി.എസ്.സി.റാങ്ക് |

| | | | |
|---|---|---|---|
| | | | ലിസ്റ്റുകളുടെ കാലാവധി 31/12/2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും പ്രസ്തുത ഒഴിവുകളിലേക്ക് താത്കാലിക ജീവനക്കാരെ നിയമിയ്ക്കുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉം (ഡി) ഉം | ചില വകുപ്പുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്നുവെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലേക്കും ദിവസക്കൂലി അടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ നിയമനം നടത്തരുതെന്ന് 17.08.2016-ലെ ഉപ.സി3/104/16/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും/ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**